I ഇ.ബി. XIV - കേരള നിയമസഭ /VII-3

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ആഗസ്റ്റ് 9, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അനുസ്മരണം

ക്വിറ്റ് ഇന്ത്യാ ദിനം

മി. സ്പീക്കർ: ബോംബെയിലെ സോഷ്യലിസ്റ്റ് പ്രവർത്തകനും യുവനേതാവുമായിരുന്ന യൂസഫ് മെഹ്റലി രൂപപ്പെടുത്തിയ 'ക്വിറ്റ് ഇന്ത്യ' എന്ന മുദ്രാവാക്യം മഹാത്മാഗാന്ധി രാഷ്ട്രത്തിന് സമർപ്പിച്ച ദിവസമാണിത്. 1942-ൽ മുംബൈയിൽ വച്ച് സ്വാതന്ത്ര്യ സമര സേനാനികളെ അഭിസംബോധന ചെയ്തു

ഗാന്ധിജി 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന മഹത്തായ സന്ദേശം രാജ്യത്തിന് നൽകുകയുണ്ടായി. ദേശീയ പ്രസ്ഥാനത്തിന്റെ സമരാനുഭവങ്ങളിൽ ഏറ്റവും തീക്ഷ്ണതയാർന്ന ഈ പോരാട്ടത്തിൽ പങ്കാളികളായവരെയും രക്തസാക്ഷികളായവരെയും സഭ സ്മരിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

## II അടിയന്തരപ്രമേയം

<u>വിലക്കയറ്റം</u>

<u>മി. സ്പീക്കർ</u>: പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെയും പച്ചക്കറികളുടെയും അതിരൂക്ഷമായ വിലക്കയറ്റംമൂലം ജനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളും ആശങ്കകളും പരിഹരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. വി. ഇബ്രാഹിം, കെ. സി. ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): നിത്യോപയോഗ സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് അടിയന്തര പ്രമേയത്തിൽ പറയുന്നതുപോലെയുള്ള സാഹചര്യം സംസ്ഥാനത്ത് നിലവിലില്ല. അരി വിലയിൽ നേരിയ വർദ്ധന വന്നപ്പോൾത്തന്നെ സംസ്ഥാനമൊട്ടാകെ അരിക്കടകൾ തുടങ്ങുകയും ന്യായവിലയ്ക്ക് വിതരണം ചെയ്യാനുള്ള സംവിധാനമൊരുക്കുകയും ഇടനിലക്കാരില്ലാതെ നേരിട്ട് അരിയെത്തിക്കുന്നതിന് ആന്ധ്രാ ഗവൺമെന്റുമായി ചർച്ച നടത്തി ധാരണാ പത്രം ഒപ്പിടുകയും ചെയ്തിട്ടുണ്ട്. വിലക്കുറവിന്റെ നേട്ടം സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കാനുള്ള ശക്തമായ ഇടപെടലുകളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർഫെഡും നടത്തിവരുന്നത്. ജി.എസ്.ടി. പരിധിയിൽ വരുന്ന പലവ്യഞ്ജനങ്ങളുടെ വിലയിലും കുറവ് വന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം ഗണ്യമായി വർദ്ധിച്ചതിന്റെ ഫലമായി പച്ചക്കറി വില കുറഞ്ഞിട്ടുണ്ട്. സപ്ലൈകോയുടെ നേതൃത്വത്തിലും കൺസ്യൂമർഫെഡിന്റെ കീഴിൽ സഹകരണ സ്ഥാപനങ്ങൾ വഴിയും ഓണച്ചന്തകൾ ആരംഭിക്കുന്നതാണ്. വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഓണത്തിന് പച്ചക്കറി ലഭ്യമാക്കുന്നതിനായി 2000 പച്ചക്കറി

ചന്തകൾ ആരംഭിക്കാൻ കൃഷി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പ്രൈസ് മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ പ്രസ്താവന വസ്തുതാവിരുദ്ധമാണ്. അഞ്ച് വർഷത്തേയ്ക്ക് വിലക്കയറ്റമുണ്ടാകില്ലെന്ന ഗവൺമെന്റിന്റെ വാഗ്ദാനം ലംഘിക്കപ്പെട്ടിരിക്കുകയാണ്. കച്ചവടക്കാരെയും കരിഞ്ചന്തക്കാരെയും പൂഴ്ത്തിവയ്പുകാരെയും സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. സപ്ലൈകോയിലൂടെ ഗുണനിലവാരമില്ലാത്ത സാധനങ്ങളാണ് വിതരണം ചെയ്യുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച നന്മ സ്റ്റോറുകൾ ഈ സർക്കാർ പൂട്ടിയിരിക്കുകയാണ്. പൊതുവിപണിയിലെ വിലയേക്കാൾ അധിക നിരക്കാണ് സർക്കാർ സംവിധാനങ്ങളിലൂടെ വിൽക്കുന്ന സാധനങ്ങൾക്ക് ഈടാക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി അടിയന്തരമായി പൊതുവിപണിയിലിടപെടണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): ആന്ധ്രാപ്രദേശിൽനിന്നും ഇറക്കുമതി ചെയ്തിരുന്ന അരിയിൽ കുറവ് വന്നതും

ലോബികളുടെ ഇടപെടലിന്റെ ഫലമായും സംസ്ഥാനത്ത് അരിവില വർദ്ധിച്ചിട്ടുണ്ട്. ആന്ധ്രാപ്രദേശ് ഗവൺമെന്റിന്റെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സംസ്ഥാനത്തിനാവശ്യമായ അരി വില കുറച്ച് ലഭ്യമാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഓണക്കാലത്ത് ആവശ്യമായ അരി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇടനിലക്കാരില്ലാതെ അരി ലഭിക്കുന്ന സാഹചര്യമുണ്ടായാൽ വിലയിൽ ഗണ്യമായ കുറവുണ്ടാകുന്നതാണ്. സംസ്ഥാനത്ത് പലവ്യഞ്ജനങ്ങളുടെ വില കുറഞ്ഞിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന പതിമൂന്നിനം സാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലെന്ന തെരഞ്ഞെടുപ്പ് പ്രഖ്യാപനം നടപ്പാക്കി. 446 കോടി രൂപയുടെ സബ്സിഡി ഉത്പന്നങ്ങൾ കോർപ്പറേഷൻ വഴി നൽകിയിട്ടുണ്ട്. മുളക്, മല്ലി, ഉഴുന്ന് എന്നിവയ്ക്ക് വില കുറഞ്ഞു. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി 150 കോടി രൂപ നീക്കിവച്ചു. ഉത്സവ കാലത്ത് പച്ചക്കറിയുടെ വില വർദ്ധന തടയുന്നതിനായി കൃഷി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെ സഹായിക്കാൻ കൺസ്യൂമർ ഫെഡും സപ്ലൈകോയും എല്ലാ ഒരുക്കങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ അരി വിലയിലുണ്ടായ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടയുടനെ പ്രധാനപ്പെട്ട എല്ലാ ഷോപ്പിംഗ് മാളുകളിലും ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്തുകയും എം.ആർ.പി.യിൽ കൃത്രിമം കാണിച്ചവർക്കെതിരെ നടപടി

സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകൾക്ക് പോലീസിന്റെ സഹായത്തോടെ സംസ്ഥാന വ്യാപകമായി ഇത്തരം പരിശോധനകൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്യായമായി വില കൂട്ടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു. )

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ്, മോൻസ് ജോസഫ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

(1) <u>പാലക്കാട് റെയിൽ കോച്ച് ഫാക്ടറി</u>

<u>ശ്രീ. കെ. വി. വിജയദാസ്</u>: കേന്ദ്ര സർക്കാർ വാഗ്ദാനം നൽകിയ കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. റെയിൽവേ ബഡ്ജറ്റിൽ 600 കോടി രൂപ വകയിരുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന കോച്ച് ഫാക്ടറിക്കാവശ്യമായ 439 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ ഏറ്റെടുത്ത്

സൗജന്യമായി കേന്ദ്ര ഗവൺമെന്റിന് കൈമാറിയെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കഞ്ചിക്കോട് കോച്ച് ഫാക്ടറി സാക്ഷാത്കരിക്കുന്നതിലുള്ള അനിശ്ചിതത്വം ഇല്ലാതാക്കുന്നതിനും ഫലപ്രദമായി നടപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. പൊതുമേഖലയിൽ കോച്ച് ഫാക്ടറി നിർമ്മിക്കുന്നതിനു പകരം സ്വകാര്യ പങ്കാളിത്തത്തോടെ കേന്ദ്ര സർക്കാർ തീരുമാനപ്രകാരം സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കാൻ തയ്യാറായെങ്കിലും ആസൂത്രണ കമ്മീഷന്റെ തടസ്സവാദങ്ങളെത്തുടർന്ന് പ്രവർത്തനം സ്തംഭനാവസ്ഥയിലായിരിക്കുകയാണ്. അൻപതിനായിരത്തോളം ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി ലഭിക്കാൻ സാദ്ധ്യതയുള്ള റെയിൽവേ കോച്ച് ഫാക്ടറി കേരളത്തിൽ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കഞ്ചിക്കോട് കോച്ച് ഫാക്ടറി വിഷയത്തിൽ കേന്ദ്ര സർക്കാർ അവഗണനയാണ് കാണിക്കുന്നത്. 1215 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്കായി 239 ഏക്കർ സ്ഥലം റെയിൽവേയ്ക്ക് കൈമാറിയിരുന്നു. ഒന്നാം ഘട്ട പ്രവർത്തനത്തിന് 230 ഏക്കർ ഭൂമി ആവശ്യപ്പെട്ടതിനെത്തുടർന്ന് സ്ഥലമേറ്റെടുപ്പ് നിർത്തി വയ്ക്കുകയുണ്ടായി. കോച്ച് ഫാക്ടറി നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുമായി നിരവധി

കത്തിടപാടുകൾ നടത്തുകയും മുഖ്യമന്ത്രി, കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ ജനങ്ങളുടെ ശക്തമായ ഇടപെടലുകളും ഉണ്ടാകേണ്ടതുണ്ട്. നേമം സാറ്റലൈറ്റ് ടെർമിനലും കോച്ച് ഫാക്ടറിയും നേടിയെടുക്കുന്നതിനും, തിരുവനന്തപുരം, പാലക്കാട് ഡിവിഷൻ വെട്ടിക്കുറയ്ക്കാതിരിക്കുന്നതിനും കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതാണ്. ഇതിനായി സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നതിനെക്കുറിച്ച് മുഖ്യമന്ത്രിയുമായി ആലോചിക്കുന്നതാണ്.

(2) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച്-കേരളയുടെയും രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിന്റെയും പ്രവർത്തനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച്-കേരളയുടെ കീഴിൽ കായിക താരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനത്തോടൊപ്പം സ്പോർട്സ് സൈക്കോളജി, സ്പോർട്സ് മെഡിസിൻ, പെർഫോമൻസ് അനാലിസിസ് തുടങ്ങിയ കോഴ്സുകൾ കൂടി ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിന്റെ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കിയും വെള്ളം, വൈദ്യുതി കണക്ഷനുകൾ എന്നിവ ലഭ്യമാക്കിയും സ്റ്റേഡിയം കായിക പ്രേമികൾക്ക് തുറന്നു കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കോട്ടയത്തുള്ള സ്പോർട്സ് കോളേജ് 2016-ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച്- കേരള എന്ന് പുനർ നാമകരണം ചെയ്യപ്പെടുകയും പ്രാരംഭഘട്ടത്തിൽ ഡയറക്ടർ, പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, അസിസ്റ്റന്റുകളുമുൾപ്പെടെ അഞ്ച് തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി. 235.04 ആർ സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിനും ഇൻഡോർ ഹാളിൽ പ്രത്യേകതരം വുഡ്ഫ്ലോറിംഗിടുന്നതിനുമായി 1,36,67,500/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും ദർഘാസ് ക്ഷണിച്ച് മേൽനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫയർ ആന്റ് റെസ്ക്യൂ സംവിധാനങ്ങളും, ചുറ്റുമതിൽ, വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുന്നതിനും സ്റ്റേഡിയം കായികതാരങ്ങൾക്ക് എത്രയുംവേഗം തുറന്നുകൊടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) എം.ബി.ബി.എസ്. അഡ്മിഷൻ

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): 2016-17 വർഷത്തെ എം.ബി.ബി.എസ്. അഡ്മിഷൻ റദ്ദ് ചെയ്ത സാഹചര്യത്തിൽ കരുണ, അഞ്ചരക്കണ്ടി മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ ഭാവിക്കായി പുതിയ

നിയമനിർമ്മാണത്തിലൂടെ ഫലപ്രദമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കണ്ണൂർ, പാലക്കാട് കരുണ എന്നീ മെഡിക്കൽ കോളേജുകൾ നടത്തിയ 2016-17 വർഷത്തെ അഡ്മിഷൻ റദ്ദുചെയ്തതിനെതിരെ ബന്ധപ്പെട്ട മാനേജ്മെന്റുകൾ ഹൈക്കോടതിയെ സമീപിക്കുകയും ഈ കോളേജുകൾ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തുകയുമുണ്ടായി. കേന്ദ്രീകൃത അലോട്ട്മെന്റ് നടത്താനും സ്പോട്ട് അഡ്മിഷൻ നടത്തുന്ന സ്ഥലത്ത് ഹാജരാകാനും കോളേജ് അധികാരികളോട് നിർദ്ദേശിച്ചപ്പോൾ പാലക്കാട് കരുണ മെഡിക്കൽ കോളേജ് അധികാരികൾ രേഖകൾ സമർപ്പിക്കുകയും കണ്ണൂർ മെഡിക്കൽ കോളേജ് അധികാരികൾ രേഖകളൊന്നും സമർപ്പിക്കാതിരിക്കുകയും ചെയ്തു. പാലക്കാട് കോളേജിലെ 30 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സുപ്രീം കോടതി ഉത്തരവാകുകയും കണ്ണൂർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥി പ്രവേശനം റദ്ദാക്കുകയും ചെയ്തു. നടപടിക്രമങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെ മാനേജ്മെന്റുകൾ അഡ്മിഷൻ നടത്തിയതുമൂലം വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാകുകയും രക്ഷിതാക്കളും രാഷ്ട്രീയ പാർട്ടികളും ചേർന്ന് നിവേദനം നൽകുകയും ചെയ്തു. കാര്യങ്ങൾ സുപ്രീം കോടതിയുടെ ശ്രദ്ധയിൽകൊണ്ടുവരാനും വിദ്യാർത്ഥികൾക്ക് തുടർപഠനം നടത്താനും

സഹായകമായ നിയമനടപടികൾ സ്വീകരിക്കുന്നതും അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയെ ചുമതലപ്പെടുത്തണമെന്ന് സുപ്രീം കോടതിയോട് സർക്കാർ ആവശ്യപ്പെടുന്നതുമാണ്.

(2) 'ബ്ലൂ വെയിൽ' ഗെയിം നിരോധനം

ശ്രീ. രാജു എബ്രഹാം: 'ബ്ലൂ വെയിൽ' ഗെയിം നിരോധിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൗമാരക്കാരെയും കുട്ടികളെയും അപകടകരമാംവിധം സ്വാധീനിക്കുന്ന 'ബ്ലൂ വെയിൽ' കമ്പ്യൂട്ടർ ഗെയിമിലൂടെ കളിക്കാരൻ ഗെയിം അഡ്മിനിസ്ട്രേറ്ററുടെ നിയന്ത്രണത്തിലാകുകയും അവസാനം ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നതായിട്ടാണ് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നത്. ഈ കളിയിലൂടെ ലോകത്ത് ഒട്ടേറെ കളിക്കാർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ടുണ്ട്. സാമൂഹ്യ വിപത്തായി മാറിയ ഈ ഗെയിം നിരോധിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. മാതാപിതാക്കൾ ഇത്തരത്തിലുള്ള ഗെയിമുകളെക്കുറിച്ച് മനസ്സിലാക്കുകയും കുട്ടികൾ അത് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിൽ നീക്കം ചെയ്യേണ്ടതുമാണ്. ഈ ഗെയിമിനെതിരെ ആവശ്യമായ മുന്നറിയിപ്പ് മാധ്യമങ്ങൾവഴി പോലീസ് ഇതിനോടകം നൽകിയിട്ടുണ്ട്. 'ബ്ലൂ വെയിൽ' ഗെയിം

ഉപഭോക്താക്കളെ പോലീസ് കൃത്യമായി നിരീക്ഷിക്കുന്നതാണ്.

(3) കോവളം കൊട്ടാര കൈമാറ്റം

ശ്രീ. പി. സി. ജോർജ്: കേരളത്തിന്റെ പൈതൃക സ്വത്തായ കോവളം കൊട്ടാരവും അനുബന്ധ ഭൂമിയും തിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : കോവളം കൊട്ടാരത്തിന്റെ കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി അംഗീകരിക്കാൻ സാധിക്കില്ല. മന്ത്രിസഭാ തീരുമാനം റദ്ദാക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : വിനോദസഞ്ചാര വകുപ്പ് 1968-ൽ കോവളം കൊട്ടാരം സ്വകാര്യ വ്യക്തിയിൽ നിന്നും ഏറ്റെടുക്കുകയും 43 ഏക്കർ ഭൂമി കേന്ദ്ര വിനോദസഞ്ചാര വകുപ്പിന് കൈമാറുകയും ചെയ്തു. 2002-ൽ കേന്ദ്ര സർക്കാർ ഐ.ടി.ഡി.സി.യുടെ ഉടമസ്ഥതയിലുള്ള ഒമ്പത് ഹോട്ടലുകൾ വിറ്റഴിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി കോവളം അശോക ബീച്ച് റിസോർട്ട് ഉൾപ്പെടുന്ന 64.5 ഏക്കർ ഭൂമി സ്വകാര്യ ഹോട്ടൽ ഗ്രൂപ്പിന് കൈമാറി. ഇതിനെത്തുടർന്ന് സംസ്ഥാനത്ത് ജനകീയ പ്രക്ഷോഭം ഉണ്ടാകുകയും 2004-ൽ കോവളം കൊട്ടാരവും അതിനോടുചേർന്ന 4.1330 ഹെക്ടർ ഭൂമിയും സർക്കാർ ഏറ്റെടുക്കുകയുമുണ്ടായി. ഇതിനെതിരെ ഹോട്ടൽ ഉടമകൾ ഫയൽ ചെയ്ത റിട്ട് പെറ്റീഷനെത്തുടർന്ന് 2005-ൽ ഹൈക്കോടതി സർക്കാർ ഉത്തരവുകൾ റദ്ദാക്കുകയും തുടർന്ന് കോവളം കൊട്ടാരവും

അനുബന്ധ ഭൂമിയും ഏറ്റെടുത്തുകൊണ്ട് നിയമനിർമ്മാണം നടത്തിയെങ്കിലും ആക്ട് ഭരണഘടനാ വിരുദ്ധമാണെന്ന് ഹൈക്കോടതി വിധിക്കുകയും വിധിന്യായത്തെ ചോദ്യം ചെയ്ത് സർക്കാർ സമർപ്പിച്ച സ്പെഷ്യൽ ലീവ് ഹർജി സുപ്രീം കോടതി തള്ളിക്കളയുകയും ചെയ്തു. വിധി നടപ്പാക്കുന്നതിന് കാലതാമസം നേരിട്ടതിനെത്തുടർന്ന് കോടതിയലക്ഷ്യ നടപടികൾ നേരിടേണ്ടിവരുമെന്നതിനാലാണ് കൊട്ടാരം തിരികെ സ്വകാര്യ ഹോട്ടൽ ഗ്രൂപ്പിന് കൈമാറാൻ തീരുമാനിച്ചത്. ഭാവിയിൽ സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിന് സാധിക്കുന്ന വിധത്തിൽ സംസ്ഥാന സർക്കാരിന്റെ അവകാശം നിലനിർത്തിക്കൊണ്ടാണ് കൊട്ടാരം കൈമാറിയിട്ടുള്ളത്.

(4) വിനായകന്റെ ആത്മഹത്യ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : പോലീസ് മർദ്ദനമേറ്റതിനെത്തുടർന്ന് ആത്മഹത്യ ചെയ്ത വിനായകന്റെ മരണവുമായി ബന്ധപ്പെട്ട ക്രൈംബ്രാഞ്ച് അന്വേഷണം അടിയന്തരമായി പൂർത്തിയാക്കുകയും ഉത്തരവാദികളായ മുഴുവൻ പോലീസ് ഉദ്യോഗസ്ഥർക്കുമെതിരെ നടപടി സ്വീകരിക്കുകയും കുടുംബത്തിന് കൂടുതൽ ധനസഹായം അനുവദിക്കുകയും വേണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പോലീസ് മർദ്ദനത്തെത്തുടർന്ന് ആത്മഹത്യ ചെയ്ത വിനായകന്റെ മാതാപിതാക്കൾക്ക്

മുഖ്യമന്ത്രിയെ കാണുന്നതിനുള്ള അനുമതി നിഷേധിച്ചതായി മാധ്യമവാർത്തകളുണ്ട്. വിനായകന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിനും ഉത്തരവാദികളായ പോലീസുദ്യോഗസ്ഥരെ സർവ്വീസിൽനിന്നും നീക്കം ചെയ്യുന്നതിനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : പോലീസ് കസ്റ്റഡിയിൽ നിന്നും വിട്ടയച്ച വിനായകൻ എന്ന യുവാവ് പോലീസിന്റെ ക്രൂരമായ മർദ്ദനത്തെത്തുടർന്നാണ് ആത്മഹത്യ ചെയ്തതെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ പാവറട്ടി പോലീസ് സ്റ്റേഷനിലെ രണ്ട് സിവിൽ പോലീസ് ഓഫീസർമാരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് അന്വേഷണച്ചുമതല ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. ഗുരുവായൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ, പാവറട്ടി പോലീസ് സബ് ഇൻസ്പെക്ടർ എന്നിവർക്കെതിരെ അച്ചടക്ക നടപടിക്ക് ഉത്തരവായിട്ടുണ്ട്. നിലവിലെ ക്രൈംബ്രാഞ്ച് അന്വേഷണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മുഖ്യമന്ത്രിയെ കാണുന്നതിന് അനുമതി ചോദിച്ചിട്ട് കാണാതിരുന്ന അവസ്ഥ ഇക്കാര്യത്തിൽ എന്നല്ല ഒരു കാര്യത്തിലും ഉണ്ടായിട്ടില്ല. അന്വേഷണത്തിന് ശേഷം മറ്റു കാര്യങ്ങൾ തീരുമാനിക്കാവുന്നതാണ്.

## (5) <u>ചലച്ചിത്രനയം</u>

<u>ശ്രീ. എം. സ്വരാജ്</u>: ചലച്ചിത്രനയം പ്രഖ്യാപിക്കുന്നതിനും ചലച്ചിത്ര നിർമ്മാണമേഖലയെ കൂടി ഉൾപ്പെടുത്തി നിയമ നിർമ്മാണം നടത്തുന്നതിനും അനഭിലഷണീയ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): ചലച്ചിത്രമേഖലയിലെ തെറ്റായ പ്രവണതകളെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. പുതുതായി രൂപീകരിച്ച വനിതാസംഘടന സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. സിനിമാ മേഖലയുടെ സമഗ്രപരിഷ്കരണത്തിനായി അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായ സമിതി റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിഗണിച്ചുവരികയാണ്. സിനിമാ നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങിയ രംഗങ്ങളിലെ പ്രതിനിധികളും വിദഗ്ദ്ധരും സർക്കാർ പ്രതിനിധികളും അടങ്ങുന്ന സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി

സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യം സജീവ പരിഗണനയിലാണ്. നിലവിൽ അഭിനേതാക്കൾ മുതൽ സാങ്കേതിക പ്രവർത്തകർ വരെയുള്ളവർക്ക് സാംസ്കാരിക പ്രവർത്തക ക്ഷേമനിധിക്കുകീഴിൽ ആനുകൂല്യങ്ങളും പ്രൊഡക്ഷൻ യൂണിറ്റുകളിൽ തൊഴിലെടുക്കുന്നവർക്ക് നിയമപ്രകാരമുള്ള സേവന-വേതന വ്യവസ്ഥകളും ബാധകമാണ്.

## (6) ക്ലാപ്പന ഹൗസിംഗ് കോളനി

ശ്രീ. ആർ. രാമചന്ദ്രൻ: കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ ദുർബലവിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിനായി നിർമ്മിച്ച ഹൗസിംഗ് കോളനിയുടെ നിലവിലുള്ള ദുരവസ്ഥ പരിഹരിക്കാൻ നടപടിയുണ്ടാകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 1984-ൽ 'ഫയലിൽ നിന്ന് വയലിലേയ്ക്ക്' എന്ന പരിപാടിയുടെ ഭാഗമായി നടത്തിയ സമൂഹ വിവാഹത്തിലൂടെ വിവാഹിതരായ നിർദ്ധന ദമ്പതികളുടെ പുനരധിവാസത്തിനായാണ് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ക്ലാപ്പന വില്ലേജിൽ നാല്പതു വീടുകൾ നിർമ്മിച്ചുനൽകിയത്. പദ്ധതിയുടെ ഗുണഭോക്താക്കളിൽ ബാക്കിയുള്ള രണ്ട് കുടുംബങ്ങൾക്ക് പട്ടയം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാത്ത വീടുകളിലെ

താമസക്കാരെ ലൈഫ് മിഷൻ പദ്ധതി പ്രകാരം പുനരധിവസിപ്പിക്കാവുന്നതാണ്.

(7) എം.സി.ഐ. അംഗീകാരം ലഭ്യമാക്കൽ

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി മെഡിക്കൽ കോളേജിന് എം.സി.ഐ. അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് ഇടുക്കി മെഡിക്കൽ കോളേജിന് 2016-17 അധ്യയന വർഷത്തെ അംഗീകാരം നഷ്ടപ്പെടാൻ കാരണം. 2014-15, 2015-16 അധ്യയന വർഷങ്ങളിൽ പ്രസ്തുത കോളേജിൽ പ്രവേശനം ലഭിച്ച 100 വിദ്യാർത്ഥികളെ 2016-ലെ ഉത്തരവനുസരിച്ച് മറ്റ് അഞ്ച് സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി. ഇടുക്കി മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സുകൾ, ജലവിതരണ സംവിധാനങ്ങൾ തുടങ്ങിയവയ്ക്കായി 102 കോടി രൂപയുടെ ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എം.സി.ഐ. നിഷ്കർഷിച്ചിട്ടുള്ള 300 കിടക്കകളുള്ള ആശുപത്രി കെട്ടിടത്തിന്റെ പണി ഇപ്പോൾ ത്വരിതഗതിയിൽ നടക്കുകയാണ്. മാനദണ്ഡമനുസരിച്ചുള്ള അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള പ്രവേശനാനുമതിക്കുള്ള അപേക്ഷ എം.സി.ഐ.യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

(8) സേവന -വേതന വ്യവസ്ഥകൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: സിനിമാ മേഖലയെ വ്യവസായമായി പ്രഖ്യാപിക്കുന്നതിനും സമഗ്ര നിയമത്തിലൂടെ സിനിമ-സീരിയൽ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും സേവന-വേതന വ്യവസ്ഥകൾ പുതുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): 2011-ലെ ഉത്തരവ് പ്രകാരമാണ് പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് അവസാനമായി മിനിമം വേതനം പുതുക്കി നിശ്ചയിച്ചത്. ഇതിനായി ഒരു ഉപദേശക സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സിനി വർക്കേഴ്സ് ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ഡിസ്പെൻസറികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നതിനുപുറമേ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1.30 ലക്ഷം രൂപ മുതൽ 3 ലക്ഷം രൂപ വരെ സ്പെഷ്യൽ ചികിത്സാ ധനസഹായവും ക്ഷേമനിധി

അംഗങ്ങളുടെ ഒന്നുമുതൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 200 രൂപ മുതൽ 15,000 രൂപ വരെ സ്കോളർഷിപ്പും നൽകുന്ന പദ്ധതികൾ നിലവിലുണ്ട്. ഏതെങ്കിലും പ്രൊഡക്ഷൻ യൂണിറ്റിന്റെ കീഴിൽ തൊഴിലെടുക്കുന്നവർക്ക് 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ പറയുന്ന സേവന-വേതന വ്യവസ്ഥകളും മറ്റാനുകൂല്യങ്ങളും ബാധകമാണ്. എന്നാൽ ഈ മേഖലയിലെ പ്രത്യേക സാഹചര്യംമൂലം സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കലാകാരന്മാർ ഉൾപ്പെടെയുള്ള മുഴുവൻ തൊഴിലാളികൾക്കും ഈ നിയമം ബാധകമാക്കാൻ കഴിയില്ല. ഇക്കാര്യം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(9) ടൂറിസം പദ്ധതികൾ

ശ്രീ. പാറക്കൽ അബ്ദുല്ല: പഴംകുറ്റി മല, ലോകനാർകാവ് ക്ഷേത്രം ടൂറിസം പദ്ധതികളെ സർക്കാർ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഒരു വർഷത്തിനുള്ളിൽ വടക്കൻ മലബാറിലെ വിവിധ ടൂറിസം പദ്ധതികളിലേയ്ക്കായി 600 കോടിയോളം രൂപയുടെ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പ്രവർത്തനമാ

രംഭിക്കുന്നതോടുകൂടി മലബാറിന്റെ ടൂറിസം വികസനത്തിൽ വലിയ വളർച്ചയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. കുറ്റ്യാടി മണ്ഡലത്തിലെ പഴംകുറ്റി മല, ലോകനാർകാവ് ക്ഷേത്രം ടൂറിസം പദ്ധതികളെക്കുറിച്ച് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(10) മംഗളവനം സംരക്ഷിക്കൽ

ശ്രീ. ഹൈബി ഈഡൻ: മംഗളവനം സംരക്ഷിക്കുന്നതിനും ചുറ്റുമുള്ള പ്രദേശത്തെ ബഫർ സോൺ ആയി പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): 2.74 ഹെക്ടർ വിസ്തീർണ്ണമുള്ള മംഗളവനം പക്ഷിസങ്കേതത്തിന്റെ അതിർത്തിയിൽ നിന്ന് പരമാവധി 100 മീറ്റർ അകലത്തിലുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തി ഇക്കോ-സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപനം തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സതേൺ റെയിൽവേയുടെ അധികാര പരിധിയിലുള്ള പഴയ റെയിൽവേ സ്റ്റേഷൻ നിലനിൽക്കുന്ന 3.74 ഹെക്ടർ സ്ഥലവും ഭാരത് പെട്രോളിയം കോർപ്പറേഷന്റെ പരിധിയിലുള്ള 9 ഹെക്ടർ സ്ഥലവും മംഗളവനം പക്ഷി സങ്കേതത്തിന്റെ നിർദ്ദിഷ്ട ഇക്കോ-സെൻസിറ്റീവ് സോണിന്റെ പരിധിയിൽ വരുന്നതാണ്. ഇതിന്റെ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള

നടപടികൾ അന്തിമഘട്ടത്തിലാണ്. മംഗളവനം സംരക്ഷിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി III-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര

നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. മുരളീധരനുവേണ്ടി (ശ്രീ. പി. ടി. തോമസ്): I move that- " This House resolves to disapprove The Kerala Public Service Commission (Additional Functions as respects the Services under the Kerala Administrative Tribunal) Ordinance, 2017 (Ordinance No. 16 of 2017)."

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതോടൊപ്പം സ്പെഷ്യൽ റൂൾ നിർമ്മിക്കുന്നതിന് സമയപരിധി നിശ്ചയിക്കണം. ഇല്ലെങ്കിൽ നിയമനങ്ങൾ നടത്തുന്നതിന് ഗവൺമെന്റ് ഉത്തരവിറക്കുന്നതിനും സ്പെഷ്യൽ റൂൾ

പുറപ്പെടുവിക്കാത്തതിന് ഉത്തരവാദിയായ വകുപ്പുമേധാവിക്കെതിരെ നടപടി സ്വീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യണം. സാംസ്കാരിക സ്ഥാപനങ്ങളിലെ പിൻവാതിൽ നിയമനങ്ങൾ അവസാനിപ്പിക്കണം. പി.എസ്.സി.-യുടെ ഇന്റേണൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ഏതൊക്കെ വകുപ്പുകളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടെന്നും സമയബന്ധിതമായി നിയമനങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്നതിനെക്കുറിച്ചും സമഗ്രമായി ചർച്ച ചെയ്യണം.

ശ്രീ. അൻവർ സാദത്തിനുവേണ്ടി (ശ്രീ. വി. ടി. ബൽറാം): പ്രമേയത്തെ പിന്താങ്ങുന്നു. ഘട്ടംഘട്ടമായി എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അനധികൃത നിയമനം സംബന്ധിച്ച് ചർച്ചകളുണ്ടാകുമ്പോൾ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുമെന്ന് പ്രഖ്യാപിക്കുമെങ്കിലും അതിനുള്ള നടപടികൾ സ്വീകരിക്കാറില്ല. ദേവസ്വം നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്. എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനായി ഗവൺമെന്റ് സ്കൂളുകളിൽ നിയമിക്കുന്ന രീതി പുനഃപരിശോധിക്കേണ്ടതാണ്. ആഗസ്റ്റ് ആദ്യവാരം നടന്ന എൽ.ഡി.സി. പരീക്ഷ സംബന്ധിച്ച്

ആക്ഷേപമുയർന്ന സാഹചര്യത്തിൽ പരീക്ഷ റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അഴിമതിയും സ്വജനപക്ഷപാതവും ബന്ധുനിയമനങ്ങളും അവസാനിപ്പിക്കുന്നതിന് എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടേണ്ടത് അത്യാവശ്യമാണ്. ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ നിയമനങ്ങൾ എന്നുമുതൽ പി.എസ്.സി. വഴി നടത്തുമെന്ന കാര്യത്തിൽ വ്യക്തത വരുത്തിയിട്ടില്ല. ട്രൈബ്യൂണലിന്റെ വിധികളിൽ പലതും യഥാസമയം നടപ്പിലാക്കുന്നതിന് സർക്കാരോ പി.എസ്.സി.-യോ താല്പര്യം കാണിക്കുന്നില്ല. സഭാസമ്മേളനത്തിന് തുച്ഛമായ ദിവസങ്ങൾ മാത്രമുള്ളപ്പോൾ ഈ ബില്ലിനായി ഓർഡിനൻസ് പുറപ്പെടുവിച്ചത് സഭയോടുള്ള അനാദരവാണ്. ഓർഡിനൻസുകൾ സഭയിൽ വയ്ക്കാതെ പുനർ പ്രഖ്യാപിക്കുന്നത്

ഭരണഘടനാവിരുദ്ധമാണെന്ന സുപ്രീംകോടതി വിധി നിലനിൽക്കുന്നതിനാൽ ജനാധിപത്യത്തിന്റെ അന്തസ് കാത്തുസൂക്ഷിക്കുന്നതിനായി ഈ ഓർഡിനൻസ് ഏകകണ്ഠമായി തള്ളിക്കളയണം.

ശ്രീ. ചിറ്റയം ഗോപകുമാർ: 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവ്വീസ് സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ജീവനക്കാരുടെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമാക്കുന്നതിനായി ബിൽ കൊണ്ടുവന്ന സർക്കാർ നടപടി അഭിനന്ദനാർഹമാണ്. പി.എസ്.സി.ക്ക് കൃത്യമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പുമേധാവികൾക്കെതിരെ നടപടി സ്വീകരിക്കണം. പി.എസ്.സി.-യിൽ ഏകദേശം 120 തസ്തികകൾ അനുവദിച്ച നടപടി അഭിനന്ദനാർഹമാണ്. ജോലി ഭാരം കുറയ്ക്കുന്നതിനായി ജില്ലാ പി.എസ്.സി. ഓഫീസുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും കൂടുതൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുകയും ചെയ്യണം. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ജീവനക്കാരുടെ നിയമനം പി.എസ്.സി.ക്ക് വിടുന്നതുവഴി പി.എസ്.സി.യിലുണ്ടാകുന്ന അധിക ജോലിഭാരം കുറയ്ക്കുന്നതിനും വാടക

കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കാരാട്ട് റസാഖ്: ഭേദഗതിയെ പിന്താങ്ങുന്നു. ഫയലുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും സർക്കാരിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവും പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിയതുവഴി ധാരാളം ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചതും സ്വാഗതാർഹമാണ്. സർവ്വീസ് മേഖലയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും അതത് ജില്ലകളിൽത്തന്നെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും സിവിൽ സർവ്വീസിനെ നവീകരിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും മുൻകയ്യെടുക്കുകയും ചെയ്യണം. വർഷങ്ങളായി കെട്ടിക്കിടക്കുന്ന ഫയലുകൾ തിർപ്പാക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കണം. ജില്ലാ സഹകരണ ബാങ്കുകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന ആക്ഷേപം പരിശോധിക്കണം. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകണം.

ശ്രീ. എൻ ഷംസുദ്ദീനുവേണ്ടി (ശ്രീ. സി. മമ്മൂട്ടി): ഭേദഗതിയെ പിന്താങ്ങുന്നു. തസ്തികകളുടെ ക്വാളിഫിക്കേഷൻ അപ്ഡേറ്റ് ചെയ്യുന്നതിനും സാങ്കേതിക

പരിജ്ഞാനം ആവശ്യമുള്ള തസ്തികകളിൽ സ്കിൽ ടെസ്റ്റ് നടത്തി നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണം. വികലാംഗരുടെ സംവരണ തസ്തികകളിൽ ബാക്ക്‌ലോഗ് നികത്താനും ജോലിഭാരം കണക്കിലെടുത്ത് ജീവനക്കാരുടെ കുറവ് പരിഹരിക്കാനും പി.എസ്.സി.-യുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട പൊതുമേഖലാ സ്ഥാപനങ്ങളിൽ ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പി.എസ്.സി.ക്ക് വിട്ട പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പി.എസ്.സി.യിൽ സ്റ്റാഫിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി 120 ഓളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഓഫീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ഓൺലൈൻ സംവിധാനം മെച്ചപ്പെടുത്തി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമാവശ്യമായ സഹായം സർക്കാർ നൽകുന്നതാണ്. വിവിധ തസ്തികകൾക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതകളിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഡെപ്യൂട്ടേഷൻ/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക നിയമനങ്ങൾക്കുപകരം മെരിറ്റ്/സംവരണ വ്യവസ്ഥകൾ

പാലിച്ചുകൊണ്ടുള്ള സ്ഥിരം നിയമനങ്ങൾ നടത്തുന്നതിന് പി.എസ്.സി.-യെ ചുമതലപ്പെടുത്തുന്നതിനുവേണ്ടിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(ii) 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

## VIII ക്രമപ്രശ്നം

ബിൽ അവതരിപ്പിക്കുന്നതിന് ചുമതലപ്പെട്ട മന്ത്രി ഹാജരാകാത്തത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 78 പ്രകാരം ബിൽ അവതരിപ്പിക്കാനുള്ള ചുമതല മറ്റൊരു മന്ത്രിക്ക് നൽകിയ നടപടി ക്രമവിരുദ്ധമാണ്. അക്കാര്യം പരിശോധിക്കണം.

**റൂളിംഗ്**

<u>മി. സ്പീക്കർ:</u> ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗമെന്നാൽ ബില്ലിന്റെ സംഗതിയിൽ ഏതെങ്കിലും മന്ത്രിയെന്നും മറ്റേതെങ്കിലും സംഗതിയിൽ ബിൽ അവതരിപ്പിച്ച അംഗമെന്നും അർത്ഥമാകുന്നുവെന്ന് ചട്ടം 2-ലെ ഡെഫിനിഷൻ ക്ലാസിൽ അനുശാസിച്ചിട്ടുള്ളതിനാൽ 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്ക് നൽകിയതിൽ ചട്ടവിരുദ്ധമായി യാതൊന്നും സംഭവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ:</u> ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പഞ്ചായത്തുകൾക്കോ മുനിസിപ്പാലിറ്റികൾക്കോ മദ്യ ഷാപ്പുകളെ സംബന്ധിച്ച് ഭരണ ഘടനയുടെ വിവിധ പട്ടികകളിൽ പ്രത്യേക നിർവ്വചനമില്ലാത്ത സാഹചര്യത്തിൽ ഒരേ വ്യവസ്ഥകൾ വ്യത്യസ്ത നിയമങ്ങളിൽ നിലനിൽക്കുന്നത് മാറ്റി സാർവ്വത്രികമായി നടപ്പാക്കാനാണ് ഭേദഗതി കൊണ്ടുവന്നത്. പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 232-ൽ സബ് സെക്ഷൻ 2 മുതൽ 5 വരെയുള്ള ഉപ വകുപ്പുകളും വിശദീകരണക്കുറിപ്പുമാണ് ഒഴിവാക്കുന്നത്.

ശ്രീ. സണ്ണി ജോസഫ്: I move that- "  This House resolves to disapprove The Kerala Panchayat Raj (Amendment) Ordinance, 2017 (Ordinance No. 18

of 2017).” കേരളത്തിലെ ജനങ്ങൾക്ക നൽകിയ തെരഞ്ഞെടുപ്പ് വാഗ്ദാനം മറികടന്നുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി പുതിയ മദ്യ നയം നടപ്പിലാക്കിയത്. പഞ്ചായത്ത് രാജ് നിയമ ഭേദഗതിയിലൂടെ പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരം കവർന്നെടുത്തുകൊണ്ട് സംസ്ഥാന സർക്കാരിൽ അധികാരം കേന്ദ്രീകരിക്കുന്നതിനുവേണ്ടിയാണ് ഓർഡിനൻസ് കൊണ്ടുവന്നത്. തൽഫലമായി മദ്യഷാപ്പുകൾ യഥേഷ്ടം എവിടേയും തുറക്കാവുന്ന സ്ഥിതിയുണ്ടാകും. മദ്യ ഉപഭോഗവും അപകടങ്ങളും കുറയ്ക്കുന്നതിനുവേണ്ടി സംസ്ഥാന-ദേശീയ പാതയോരങ്ങളിൽ മദ്യശാലകൾ പാടില്ലെന്ന സുപ്രീം കോടതി വിധിക്കെതിരെ നൽകിയ റിവ്യൂ പെറ്റീഷൻ പോലും പിൻവലിക്കേണ്ട സാഹചര്യമാണ് കേരളത്തിനുണ്ടായത്. മദ്യ ലഭ്യത കുറയ്ക്കുന്നതോടൊപ്പം മറ്റ് ലഹരി വസ്തുക്കളുടെ ഉപഭോഗം തടയുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: പ്രമേയത്തെ അനുകൂലിക്കുന്നു. സമ്പൂർണ്ണ മദ്യ നിരോധനത്തോട് യോജിക്കുന്നില്ല. മദ്യ നിരോധനത്തിനുപകരം മദ്യ വർജ്ജനമാണ് കേരളത്തിനാവശ്യം. ലഹരി വസ്തുക്കളുടെ ലഭ്യത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മദ്യ നയത്തിൽ മാറ്റം വരുത്തി മദ്യ വർജ്ജനത്തിനായി ജനങ്ങളിൽ ബോധവൽക്കരണമുണ്ടാക്കണം. പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകുമെന്ന് പറയുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുതന്നെ

പഞ്ചായത്തുകളുടെ കൈവശമിരിക്കുന്ന അധികാരം പിടിച്ചെടുക്കാൻ ശ്രമിക്കുന്നത് ശരിയല്ല. യഥാർത്ഥ ജനപ്രതിനിധികളുടെ കൈകളിലേയ്ക്ക് അധികാരം ഏൽപ്പിക്കുകയും അവരെ നോക്കുകുത്തികളാക്കി മാറ്റുന്ന പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥ ഭരണത്തിന് അറുതിവരുത്തുകയും വേണം. ഉദ്യോഗസ്ഥൻമാരുടെ മനോഭാവത്തിൽ മാറ്റമുണ്ടാക്കുന്നതിനും പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ഈ ബിൽ പിൻവലിക്കാൻ തയ്യാറാകണം.

ശ്രീ. വി. പി. സജീന്ദ്രൻ: 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ 31-08-2017 വരെ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പഞ്ചായത്തുകൾക്ക് നൽകിയിരിക്കുന്ന അധികാരം എടുത്തുകളയാൻവേണ്ടി ഈ ബിൽ തിടുക്കപ്പെട്ട് കൊണ്ടുവരേണ്ട ആവശ്യമില്ലായിരുന്നു. ഈ നിയമം നടപ്പിലാക്കുന്നതോടെ താഴെത്തട്ടിലുള്ള അഴിമതി ഇല്ലാതാക്കാൻ കഴിയുമെന്ന് പറയുന്നതിനോട് യോജിക്കാൻ കഴിയില്ല. ഈ ബിൽ പിൻവലിക്കാൻ തയ്യാറാകണം.

ശ്രീ. സി. കെ. ശശീന്ദ്രൻ : 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ മദ്യ നിരോധനമല്ല, മദ്യവർജ്ജനമാണ് മുന്നണിയുടെ നയമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മദ്യശാലകൾ തുറക്കുന്നതിനുള്ള സമയത്തിൽ ചില ക്രമീകരണങ്ങൾ വരുത്താനും മദ്യം ഉപയോഗിക്കുന്നതിനുള്ള പ്രായപരിധി 23 വയസ്സായി ഉയർത്താനും തീരുമാനിച്ചിട്ടുണ്ട്. മദ്യപാനത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി ജനമൈത്രി എക്സൈസ്, കുട്ടികളുടെ ക്ലബ്ബുകൾ എന്നിവ ആരംഭിക്കാൻ തീരുമാനിക്കുകയും ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അബ്കാരി നിയമങ്ങളും പഞ്ചായത്ത് രാജും കൂട്ടിക്കുഴച്ച് പ്രശ്നങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ബില്ലിൽ ഇത്തരത്തിലൊരു ഭേദഗതി കൊണ്ടുവരുന്നത്. സംസ്ഥാന സർക്കാരിന്റെ അബ്കാരി നയം നടപ്പാക്കുമ്പോൾ വിശാലമായ കാഴ്ചപ്പാടുണ്ടാകണം. ആരോഗ്യപരമായ ഒരു മദ്യനയം എങ്ങനെ നടപ്പാക്കാമെന്നത് സംബന്ധിച്ചാണ് ചർച്ച ചെയ്യേണ്ടത്. മദ്യ ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുനീങ്ങണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>) : ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മദ്യനയമെന്താണെന്ന് തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സർക്കാരിന്റെ അബ്കാരി നയം അധികാരത്തിൽവന്നയുടൻതന്നെ പ്രഖ്യാപിക്കുകയുണ്ടായി. മദ്യവർജ്ജനമാണ് സർക്കാരിന്റെ നയമെങ്കിലും അതിലൂടെ മദ്യനിരോധനം തന്നെയാണ്

ആത്യന്തികമായി ലക്ഷ്യംവയ്ക്കുന്നത്. 1994-ലാണ് കേരള പഞ്ചായത്ത് രാജ് ഒറിജിനൽ ആക്ടിലെ 232-ാം വകുപ്പിൽ ഉപവകുപ്പുകൾ കൂട്ടിച്ചേർത്തത്. ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട വിഷയങ്ങളെ സംബന്ധിച്ച പതിനൊന്നാം ഷെഡ്യൂളിൽ മദ്യത്തെക്കുറിച്ച് പരാമർശിച്ചിട്ടില്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (iii) <u>2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>):

2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: I move that- "This House resolves to disapprove The Kerala Municipality (Amendment) Ordinance, 2017 (Ordinance No. 19 of 2017)". സഭയിൽ ഭൂരിപക്ഷമുണ്ടെന്നതിന്റെ പേരിൽ ഈ ബില്ലിൽ ഭേദഗതി കൊണ്ടുവരുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. പ്രാദേശിക ഭരണകൂടങ്ങൾക്ക് അധികാരം നൽകുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447-ാം വകുപ്പ് ഭേദഗതി ചെയ്ത നടപടി സർക്കാർ ജനപക്ഷത്തല്ല എന്നാണ് സൂചിപ്പിക്കുന്നത്. അധികാരം നിയന്ത്രിക്കുന്ന സമീപനമാണ് ഗവൺമെന്റ്

സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ഐ. സി. ബാലകൃഷ്ണനുവേണ്ടി (ശ്രീ. എ.പി. അനിൽ കുമാർ): നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്നതിനും മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിനും ഉത്തരവ് നൽകാൻ പഞ്ചായത്ത്-മുനിസിപ്പൽ ഭരണസമിതിക്ക് അനുവാദം കൊടുക്കുന്ന ഒരു ബില്ലാണിത്. ഈ ബില്ലിൽ ഭേദഗതി കൊണ്ടുവരേണ്ട ഒരാവശ്യവും ഉണ്ടായിരുന്നില്ല. പഞ്ചായത്ത് ഭരണ സമിതികളുടെ അധികാരം നിയന്ത്രിക്കാനും ജനകീയമായ ഇത്തരം തീരുമാനങ്ങളെ ഇല്ലാതാക്കാനുമുള്ള ഒരു സമീപനമാണ് ഭേദഗതിയിലൂടെ കൊണ്ടുവന്നിരിക്കുന്നത്. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പ്രസംഗിക്കുമ്പോഴും അധികാര കേന്ദ്രീകരണമെന്ന ആശയങ്ങളാണ് നടപ്പാക്കാൻ ശ്രമിക്കുന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ :2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-8-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബാധ്യതകൾ ലഘൂകരിക്കാൻ കഴിയുന്ന ബില്ലാണിത്. സംസ്ഥാനത്ത് ഒരേ തരത്തിലുള്ള അബ്കാരി നയം നടപ്പിലാക്കുന്നതിനും വിവിധ അപേക്ഷകരും നിലവിലുള്ള ലൈസൻസികളും തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും

വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ആ അധികാരം തിരിച്ചെടുക്കുന്നത് നല്ലതാണെന്നുള്ളതാണ് എന്റെ അഭിപ്രായം. പുതിയ അപേക്ഷകരോട് വിവേചനപരമായ നിലപാട് പല മുനിസിപ്പാലിറ്റികളും നടപ്പാക്കി വരികയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രാദേശികമായി മദ്യവിൽപ്പനശാല തുടങ്ങുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ അനുമതി ആവശ്യമാണെന്നുള്ള വകുപ്പ് എടുത്തു മാറ്റുന്ന നിയമമാണിത്. മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ട് മദ്യ ഉപഭോഗം നിയന്ത്രിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ടായിരിക്കണം അബ്കാരി ഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതിന് കേരള മുനിസിപ്പാലിറ്റി ആക്ടിൽ ഭേദഗതി വരുത്തേണ്ടത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): മുനിസിപ്പാലിറ്റികളുടെ സുഗമമായ പ്രവർത്തനത്തിന് ഈ ഭേദഗതി സഹായകമാകും. അബ്കാരി ആക്ടിനും ചട്ടത്തിനും വിരുദ്ധമായ ഒരു സമീപനം പഞ്ചായത്തുകൾക്ക്

സ്വീകരിക്കാൻ കഴിയില്ല. പഞ്ചായത്തുകളുടെ യാതൊരധികാരവും കവർന്നെടുത്തിട്ടില്ലെന്നുമാത്രമല്ല ബഡ്ജറ്റിന്റെ സിംഹഭാഗവും നൽകി അവയെ ലോക്കൽ സെൽഫ് ഗവൺമെന്റായി ശക്തിപ്പെടുത്തുന്നതിനുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ ഉച്ചയ്ക്കുശേഷം 3.28-ന് പിരിഞ്ഞു.

*******